6. സംസ്ഥാനതല വികസന പ്രവർത്തനങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങളും മുഖേന സംസ്ഥാനത്തിന്റെ വികസന സന്തുലിതാവസ്ഥ ഉറപ്പാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം മേഖലാ വിഭജനം നടത്തുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ.

7. വിവിധ വികസന വകുപ്പുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നൽകുന്ന സബ്സിഡി നിരക്കുകൾ ഏകീകൃത രീതിയിലാണ് എന്ന് ഉറപ്പു വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ.

8. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യുല്പാദനപരമല്ലാത്ത ചിലയിനം ആസ്തികൾ വിതരണം ചെയ്യുന്നത് നിരുത്സാഹപ്പെടുത്തിക്കൊണ്ടുള്ള നിർദ്ദേശങ്ങൾ.

9. ജനകീയാസൂത്രണം സംബന്ധിച്ച് എല്ലാ പ്രവർത്തനങ്ങളുടെ രേഖകളും ജനങ്ങൾക്ക് അറിയുവാനും ബോദ്ധ്യപ്പെടുവാനുമുള്ള അവസരം നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം

15 (*223) ശ്രീ. കെ. മുഹമ്മദാലി :
ശ്രീമതി രാധാരാഘവൻ :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണത്തിന്റെ ആദ്യവർഷം കഴിഞ്ഞ് 1998 ജൂൺ 15ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 300 കോടിയിൽപ്പരം രൂപ അനുവദിക്കുകയുണ്ടായോ ;

(ബി) ഈ തുക 15 ദിവസത്തിനകം വിനിയോഗിക്കണമെന്ന് നിർദ്ദേശിച്ചിരുന്നുവോ ;

(സി) അങ്ങനെയെങ്കിൽ ദിനംപ്രതി 20 കോടിയുടെ വികസന പ്രവർത്തനങ്ങൾ സംസ്ഥാനത്തു നടന്നതായി ഗവൺമെന്റ് കരുതുന്നുണ്ടോ ;

(ഡി) ഈ തുകയുടെ വിനിയോഗം മൂലം പ്രത്യുൽപാദന മേഖലയിൽ എന്തൊക്കെ നേട്ടമുണ്ടാക്കാനായെന്നും തൊഴിലില്ലായ്മ എത്രത്തോളം പരിഹരിക്കാൻ കഴിഞ്ഞുവെന്നും കണക്കാക്കിയിട്ടുണ്ടോ ;

(ഇ) മേൽപ്പറഞ്ഞ തുകയുടെ വിനിയോഗത്തിൽ വ്യാപകമായ അഴിമതി നടന്നതായി ആരോപണമുണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഇതിന്മേൽ എന്തൊക്കെ അന്വേഷണങ്ങൾ നടത്തി ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) :

(എ) ഇല്ല.

(ബി-എഫ്) ബാധകമല്ല.

വാല്യൂ ആഡഡ് ടാക്സ്

16 (*224) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വാല്യൂ ആഡഡ് ടാക്സ് സമ്പ്രദായം എന്നുമുതലാണ് നടപ്പിലാക്കിയിട്ടുള്ളത് ;

(ബി) സംസ്ഥാന വിവേകമ്മിഷൻ പ്രസ്തുത സമ്പ്രദായത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) വാല്യൂ ആഡഡ് ടാക്സ് ഏതെല്ലാം ഇനം സാധനങ്ങളിൽ മേലാണ് ചുമത്തിയിട്ടുള്ളത് ;

(ഇ) ഈ ഇനത്തിൽ കഴിഞ്ഞ വർഷം എന്തു തുക നികുതിയായി പിരിഞ്ഞു കിട്ടി ;

(എഫ്) ഇത് മുൻവർഷം ലഭിച്ച നികുതിയേക്കാൾ കൂടുതലാണോ കുറവാണോ എന്ന് വ്യക്തമാക്കാമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) 1993-94 ൽ പരീക്ഷണാടിസ്ഥാനത്തിൽ സർക്കാർ ചില സാധനങ്ങൾക്ക് വാല്യൂ ആഡഡ് ടാക്സ് സമ്പ്രദായം നടപ്പിലാക്കിയിരുന്നു. ഇത് 1996-97 വരെ തുടർന്നു.

(ബി) ഉണ്ട്.

(സി) വിവേ കമ്മീഷൻ അതിന്റെ റിപ്പോർട്ടിൽ താഴെ പറയുന്ന കാര്യങ്ങൾ പറഞ്ഞിരുന്നു. " വില്പനയുടെ ആദ്യഘട്ടത്തിൽ നികുതി ബാധക മാകുന്നത് നികുതി വെട്ടിപ്പിന് കാരണമാവുന്നു. രണ്ട് പോയിന്റിൽ ടാക്സ് ചുമത്തുന്നത് ഈ പ്രശ്നത്തിനു ശാശ്വത പരിഹാരമല്ല. നടപ്പിലാക്കുന്നതിന്റെ സൗകര്യം കണക്കിലെടുത്ത് മൂല്യവർദ്ധിത നികുതി സമ്പ്രദായമാണ് അഭികാമ്യമായിട്ടുള്ളത്. അതേ സമയം റവന്യൂ വരുമാനം വർദ്ധിക്കുകയും ചെയ്യും. ഈ സമ്പ്രദായം വലിയ വില കൂടിയ സാധനങ്ങൾക്കു മാത്രം ആദ്യം നടപ്പാക്കുക പിന്നീട് അനുഭവത്തിന്റെ അടിസ്ഥാനത്തിൽ വിപുലീകരിക്കുക എന്നതാണ് നിർദ്ദേശം. ഈ സമ്പ്രദായത്തിൽ വില്പനയുടെ ഓരോ പോയിന്റും നികുതി ചുമത്തുക എന്നതാണ് രീതി. വാങ്ങൽ വിലയുടെയും വില്പന വിലയുടെയും വ്യത്യാസത്തിനു മുൻ പോയിന്റിൽ ചുമത്തിയ അത്ര നിരക്കിൽ തന്നെ ചുമത്തുക എന്നതാണ് തത്വം."

LIBRARY ARCHIVES Kerala Legislative Assembly